**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 288** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ചങ്ങനാശ്ശേരി മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതികളും ജീവനക്കാരുടെ കുറവും അമൃത് പദ്ധതി പ്രവൃത്തികളും.</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾക്കും നിർമ്മാണങ്ങൾക്കും ഫണ്ട് വിഹിതം കുറഞ്ഞിരിക്കുന്നതും ഫണ്ട് വിതരണത്തിലുണ്ടാകുന്ന കാലതാമസവും കാരണം വിവിധ വികസന പദ്ധതികൾ അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇതിന്റെ കാര്യകാരണങ്ങൾ സഹിതം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഫണ്ട് ലഭ്യതയിലുണ്ടായ കാലതാമസം മൂലം പദ്ധതികൾ നടപ്പിലാക്കുന്നതിൽ തടസ്സം നേരിട്ടിട്ടുണ്ട്

**(ബി)** മണ്ഡലത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാത്തത് കാരണം പ്രവൃത്തികളും അനുമതികൾക്കുള്ള നടപടികളും തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്, നിലവിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ പായിപ്പാട് , തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തികകൾ ഒഴിവുണ്ട് .

**(സി)** പ്രസ്തുത വകുപ്പിൽ ഫണ്ട് അലോട്ട്മെന്റുകളും അടിസ്ഥാന സൗകര്യങ്ങളിലെ വിതരണവും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും സ്റ്റാഫ് ക്ഷാമം പരിഹരിക്കുന്നതിനും ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് കണക്കുകൾ സഹിതം വിശദീകരിക്കാമോ;

**<u>മറുപടി:</u>** ഫണ്ട് അലോട്ട്മെന്റുകളും തുക വിതരണവും സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് മേധാവികളെ രേഖാമൂലം അറിയിക്കുകയും, അവലോകന യോഗങ്ങളിൽ ആവശ്യമായ ഫണ്ടിൻറെ വിവരങ്ങൾ ജില്ലാതല വകുപ്പുകളിൽ നിന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

നിലവിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ പായിപ്പാട് ,തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തികകൾ ഒഴിവുണ്ട്. സ്റ്റാഫ് ക്ഷാമം പരിഹരിക്കുന്നതിനായി നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

**(ഡി)** മണ്ഡലത്തിലെ തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെയും മറ്റ് പദ്ധതികളുടെയും വികസന തടസ്സങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കാമോ;

**മറുപടി:** ചങ്ങനാശ്ശേരി മണ്ഡലത്തിലെ തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ നിർമ്മാണവും മറ്റ് വികസന പദ്ധതികളും നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന്, നടപ്പ് സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി, MLA-ADS/SDF, ദുരന്തനിവാരണ ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് മറ്റ് തടസ്സങ്ങളൊന്നുമില്ല.

**(ഇ)** അമൃത് പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി എന്താണെന്നും ഇവയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഫണ്ട് അനുവദിക്കുന്നതിനും എന്തെങ്കിലും തടസ്സങ്ങളോ കാലതാമസങ്ങളോ നേരിടുന്നുണ്ടോയെന്നും കണക്കുകൾ സഹിതം വിശദമാക്കാമോ?

**മറുപടി:** പ്രതികൂല കാലാവസ്ഥ മൂലം അമൃത് (AMRUT) പദ്ധതികളുടെ നടത്തിപ്പിൽ കാലതാമസം നേരിട്ടിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് ബില്ല് സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കാറുണ്ട്.

**സെക്ഷൻ ഓഫീസർ**